# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2438 14/06/2019-ൽ മറുപടിക്ക്

## പെരിങ്ങൽകുത്ത്, ഷോളയാർ ഡാമുകൾ

| | ചോദ്യം<br><br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | പ്രളയത്തിൽ വലിയതോതിൽ നാശം സംഭവിച്ച പെരിങ്ങൽകുത്ത്, ഷോളയാർ ഡാമുകളുടെ അറ്റകുറ്റപ്പണികൾ നടത്തി വൈദ്യുതോൽപ്പാദനം പൂർണ്ണ തോതിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | (എ) | പ്രളയത്തിൽ ഷോളയാർ അണക്കെട്ടിന് നാശനഷ്ടമൊന്നും സംഭവിച്ചിട്ടില്ല.<br><br>പെരിങ്ങൽക്കുത്ത് അണക്കെട്ട് കവിഞ്ഞൊഴുകിയ പശ്ചാത്തലത്തിൽ സുരക്ഷാ പരിശോധനയ്ക്കും പുനരുദ്ധാരണത്തിനുമായി ഒരു വിദഗ്ധസമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ നിർദ്ദേശാനുസരണം പുനരുദ്ധാരണപ്രവർത്തികളും അറ്റകുറ്റ പണികളും നടത്തി വരുന്നു. ഈ പ്രവർത്തികൾ പൂർത്തീകരിച്ചതിനുശേഷം അണക്കെട്ടിൽ പരമാവധി ജല നിരപ്പിൽ ജലം സംഭരിക്കുവാൻ സാധിക്കും എന്നാൽ, പൂർണ്ണതോതിലുള്ള വൈദ്യുതോല്പാദനം ഈ പദ്ധതിയിൽ നിന്നും ഇപ്പോഴും സാധ്യമാണ്. |
| (ബി) | ഇപ്പോൾ ഈ രണ്ട് ഡാമുകളിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവെത്രയാണ്; അറിയിക്കുമോ; | (ബി) | പെരിങ്ങൽക്കുത്ത് ജലവൈദ്യുതപദ്ധതിയുടെ സ്ഥാപിതശേഷി 52 മെഗാവാട്ടും ഷോളയാർ ജലവൈദ്യുതപദ്ധതി സ്ഥാപിത ശേഷി 54 മെഗാവാട്ടും ആണ്. എന്നാൽ ജല ലഭ്യത കുറവായതിനാൽ ഇപ്പോൾ പൂർണ്ണതോതിൽ ഉത്പാദനം നടക്കുന്നില്ല. |
| (സി) | ഉദ്പാദനം പൂർണ്ണതോതിലാക്കാൻ എന്നേയ്ക്ക് സാധിക്കുമെന്ന് അറിയിക്കുമോ; | (സി) | പൂർണ്ണതോതിലുള്ള വൈദ്യുതോൽപാദനം ഈ പദ്ധതികളിൽ നിന്ന് ഇപ്പോഴും സാധ്യമാണ്. എന്നാൽ ജലലഭ്യത കുറവായതിനാൽ ഇപ്പോൾ പൂർണ്ണതോതിൽ ഉല്പാദനം നടക്കുന്നില്ല. എന്നാൽ ഷോളയാർ ജല വൈദ്യുത പദ്ധതിയിലെ 18 മെഗാവാട്ടിന്റെ ഒരു യൂണിറ്റിന് ഇപ്പോൾ നവീകരണപ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ഡി) | ചാലക്കുടിപ്പുഴയിലെ ചെറുകിട വൈദ്യുതോൽപ്പാദന പദ്ധതികൾ ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ? | (ഡി) | ചാലക്കുടി നദീതടത്തിൽ ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന 24 മെഗാവാട്ടിന്റെ പെരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ 82.5% പണികൾ പൂർത്തിയായി. ഈ പദ്ധതി 2019. ഡിസംബറിൽ |

| | | -2- | |
|---|---|---|---|
| | | | പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br>കൂടാതെ 7.5 മെഗാവാട്ടിന്റെ ആനക്കയം ചെറുകിട ജല വൈദ്യുത പദ്ധതി കെ.എസ്.ഇ.ബി.എല്ലിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ